(ബി) ലോണും മറ്റ് കുടിശ്ശികയിനത്തിലും പത്തര കോടി രൂപയുടെ ബാദ്ധ്യത ഇപ്പോഴുണ്ട്.

(സി) ഈ ബാദ്ധ്യതകൾ ഉണ്ടാകാൻ കാരണം താഴെ പറയുന്നവയാണ്:

തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് കാത്ത് ലാബുകളും മറ്റ് രോഗ നിർണ്ണയോപകരണങ്ങളും ഗവൺമെന്റ് നിർദ്ദേശ പ്രകാരം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക വഴി മേൽപ്പടി യൂണിറ്റുകൾക്കുവേണ്ടി വാങ്ങിയ ഭാരിച്ച ലോണുകൾ മേൽപ്പടി സ്ഥാപനങ്ങളിൽനിന്നുള്ള വരുമാനക്കുറവ് കാരണം കൃത്യമായി അടച്ചുതീർക്കുവാൻ സാധിച്ചിട്ടില്ല. പലിശയും പിഴപലിശയും ചേർത്ത് അടയ്ക്കേണ്ടിവന്നതിനാൽ വലിയ ബാദ്ധ്യതയാണുണ്ടായിരിക്കുന്നത്. ലോണുകളിൽ കുടിശ്ശികയായി നാലരക്കോടി രൂപയും വൈദ്യുതചാർജ്ജ് മുടങ്ങിയതുവഴി രണ്ടര കോടി രൂപയും, വെള്ളക്കരം കുടിശ്ശികവഴി ഒന്നര കോടി രൂപയും കരാറുകാർക്ക് കുടിശ്ശികയായി രണ്ടുകോടി രൂപയും ഇപ്പോൾ കൊടുത്തു തീർക്കുവാനുണ്ട്. പേ വാർഡുകളിൽനിന്നുള്ള വരുമാനത്തിന്റെ നല്ലൊരു ഭാഗം മേപ്പടി കടബാദ്ധ്യതകൾ അടയ്ക്കുന്നതിനുവേണ്ടി ഉപയോഗിക്കയാൽ പേ വാർഡിന്റെ അറ്റകുറ്റപ്പണികൾ കൃത്യമായി സമയാസമയങ്ങളിൽ ചെയ്തു തീർക്കുവാൻ സാധിച്ചിട്ടില്ല.

(ഡി) ഇപ്പോൾ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, പേ വാർഡുകൾ സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തന യോഗ്യമാക്കി രോഗികൾക്കായി തുറന്നുകൊടുക്കുന്നതിനും കർശനമായ ചെലവ് നിയന്ത്രണവും മെച്ചപ്പെട്ട പ്രവർത്തനവും ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗ്രാമസഭ കൂടുന്നതിനുള്ള നോട്ടീസ് യഥാസമയം അംഗങ്ങൾക്ക് ലഭ്യമാക്കാൻ നടപടി

*15 [523] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എം. മുരളി:

,, വി. ഡി. സതീശൻ:

,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകൾ ക്രമമായി കൂടാറുണ്ടോ;

(ബി) ഇക്കാര്യം ഉറപ്പാക്കുന്നത് എപ്രകാരമാണ്;

(സി) ഗ്രാമസഭ കൂടുന്നത് സംബന്ധിച്ച നോട്ടീസ് ബന്ധപ്പെട്ടവർക്ക് നൽകുന്നതിന്റെ രീതി എന്തെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പലപ്പോഴും ഗ്രാമസഭകൾ കഴിഞ്ഞശേഷമാണ് അതിൽ പങ്കെടുക്കേണ്ടവർ ഗ്രാമസഭ കൂടിയെന്ന വിവരം അറിയുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗ്രാമസഭ കൂടുന്നതു സംബന്ധിച്ച നോട്ടീസ് അതിൽ പങ്കെടുക്കേണ്ടവരുടെ വീടുകളിൽ എത്തിക്കുകയും അത് കൈപ്പറ്റിയതായുള്ള ഒപ്പ് വാങ്ങിക്കുകയും ചെയ്യുന്നതിന് ആവശ്യമായ നടപടിയെടുക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) എല്ലാ പഞ്ചായത്തുകളിലും ഗ്രാമസഭകൾ ക്രമമായി കൂടാറില്ല.

(ബി) ഗ്രാമസഭ മൂന്നു മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിന് വീഴ്ച വരുത്തുന്ന അംഗങ്ങളുടെ വിവരം പഞ്ചായത്ത് സെക്രട്ടറിക്ക് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യാവുന്നതാണ്.

(സി) ഗ്രാമസഭ കൂടുന്നതിന് എല്ലാ വീടുകളിലും നോട്ടീസുകൾ എത്തിക്കുക, പ്രധാന സ്ഥലങ്ങളിൽ നോട്ടീസ് പതിക്കുക, മൈക്ക് അനൗൺസ്മെന്റ് നടത്തുക, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ മുഖാന്തിരം വീടുവീടാന്തരം പ്രചാരണം നൽകുക, വാർത്താ മാദ്ധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകുക തുടങ്ങിയ രീതികൾ പൊതുവെ സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല. പരിഗണിക്കാവുന്നതാണ്.

ആദിവാസികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം

*16 [524] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ മരണാനന്തര ചടങ്ങുകൾക്ക് ഇപ്പോൾ ധനസഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ധനസഹായം അനുവദിക്കുന്ന പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ ആന്റ് ബി) ആദിവാസികളുടെ മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലില്ല. എന്നാൽ അപൂർവ്വമായി ഉണ്ടാകുന്ന ആത്മഹത്യ, അസ്വഭാവികമരണം, പ്രകൃതി ക്ഷോഭം എന്നീ സഹചര്യങ്ങളിൽ അടിയന്തിര സഹായം പ്രത്യേക കേസായി പരിഗണിച്ച് നൽകാറുണ്ട്.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly